നമ്പർ.ക്യു.ഐ.പി (1)/247368/2021/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 21/01/2022

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളിലെ പ്രവർത്തനങ്ങളുടെ അധിക നിയന്ത്രണം - സംബന്ധിച്ച്.

സൂചന:- 1. സ.ഉ. (സാധാ) നം. 40/2022/ DMD dated: 14/01/2022.
2. സ.ഉ. (സാധാ) നം. 68/2022/ DMD dated: 20/01/2022.

..........

സംസ്ഥാനത്ത് കോവിഡ് വ്യാപനം രൂക്ഷമായി കൊണ്ടിരിക്കുന്ന സാഹചര്യത്തിലും സംസ്ഥാന ദുരന്ത നിവാരണ വകുപ്പിന്റെ സൂചന ഉത്തരവുകളുടെ അടിസ്ഥാനത്തിലും താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

1. സ്കൂളുകളിൽ ജോലിചെയ്യുന്ന ഗർഭിണികൾക്ക്, വർക്ക് ഫ്രം ഹോം സംവിധാനം പ്രിൻസിപ്പാൾമാർ/പ്രഥമാദ്ധ്യാപകർക്ക് അനുവദിക്കാവുന്നതാണ്.
2. സ്കൂളുകളിൽ ജോലിചെയ്യുന്ന രണ്ട് വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുള്ള അമ്മമാർ, ക്യാൻസർ രോഗികൾ, തീവ്രരോഗബാധിതർ തുടങ്ങിയ ജീവനക്കാർക്ക് വർക്ക് ഫ്രം ഹോം സംവിധാനത്തിലൂടെ ജോലി ചെയ്യുന്നതിനുള്ള അനുവാദം (സർക്കാർ ഡോക്ടറുടെ (അലോപ്പതി) സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ) അതത് പ്രിൻസിപ്പാൾമാർ/ പ്രഥമാദ്ധ്യാപകർ എന്നിവർക്ക് അനുവദിക്കാവുന്നതാണ്.
3. വർക്ക് ഫ്രം ഹോമിൽ ഏർപ്പെടുന്ന എല്ലാ അദ്ധ്യാപകരും ഓൺലൈൻ ക്ലാസ്സുകളിലും തുടർപഠന പ്രവർത്തനങ്ങളിലും പൂർണ്ണമായിട്ടും പങ്കെടുക്കുന്നുണ്ടെന്ന് പ്രിൻസിപ്പാൾമാർ/പ്രഥമാദ്ധ്യാപകർ ഉറപ്പു വരുത്തേണ്ടതാണ്.
4. ഒൻപതാം ക്ലാസ്സ് വരെയുള്ള ക്ലാസ്സുകൾ ജനുവരി 21 മുതൽ രണ്ടാഴ്ചത്തേയ്ക്ക് ഓൺലൈൻ സംവിധാനത്തിലൂടെ മാത്രം നടത്തേണ്ടതാണ്. എന്നാൽ തെറാപ്പി സംബന്ധമായി പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് ഇത് ബാധകമായിരിക്കില്ല.
5. 1 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർ (പത്താം ക്ലാസ്സിൽ പഠിപ്പിക്കുന്നവർ ഒഴികെ) ജനുവരി 22, 29 തീയതികളിൽ (ശനിയാഴ്ച) സ്കൂളിൽ ഹാജരാകേണ്ടതില്ല.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താവ് :

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഹയർസെക്കന്ററി വിഭാഗം)
3. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം)
4. എല്ലാ ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
5. എല്ലാ ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകർക്കും
(ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖാന്തിരം)